**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** **29-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എം മുകേഷ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖല രംഗത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവയെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും അവയുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകി കൊണ്ടുമുള്ള നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുകയും സാങ്കേതിക വിദഗ്ധർ ഉൾപ്പെടെയുള്ളവർക്ക് മുന്നിൽ ഒന്നാംഘട്ട അവതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും പ്രത്യേകം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ മേൽനോട്ട ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഏത് ഏജൻസിയെയാണെന്ന് വ്യക്തമാക്കുമോ; കരട് മാസ്റ്റർ പ്ലാൻ ഇതിനകം തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനികൾ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനുകളുടെ അവതരണം മേഖലകൾ തിരിച്ച് അതാത് മാനേജിംഗ് ഡയറക്ടർമാർ അവതരിപ്പിച്ചു |

| | | | | |
|---|---|---|---|---|
| | | | | കഴിഞ്ഞു. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും, കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷം അതാത് മേഖലകളിലെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു സമിതിയുടെ മുൻപാകെ വിദഗ്ദ്ധ പരിശോധനയ്ക്കായി നൽകുന്നതാണ്. വിദഗ്ദ്ധ സമിതിയുടെ പരിശോധനകൾക്ക്ശേഷം ആഗസ്റ്റ് മാസം 15 നകം അതാത് കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡിനെ (റിയാബ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥാപനവും അടുത്ത ഒരു പത്ത് വർഷത്തെ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികളാണ് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളത്. വരും വർഷങ്ങളിൽ സാങ്കേതിക രംഗത്ത് ഉൾപ്പെടെ വിവിധ മേഖലകളിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങൾ കൂടി ഉൾകൊണ്ടാണ് പദ്ധതി തയ്യാറാക്കുന്നത്. ഇതിന്റെ ഭാഗമായി ഹ്രസ്വകാലം, ഇടക്കാലം, ദീർഘകാലം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായി തിരിച്ചാണ് പദ്ധതികൾ ആവിഷ്കരിച്ചു വരുന്നത്. ഓരോ സ്ഥാപനവും അവയുടെ നിലവിലെ പ്രവർത്തന മേഖലയുടെ ഭാവി സാധ്യതകൾ കൂടി വിലയിരുത്തിക്കൊണ്ട് ആധുനികവത്ക്കരണം, വിപുലീകരണം എന്നീ പദ്ധതികളോടൊപ്പം, പുതിയ മേഖലകളുടെ സാധ്യതകൾ മുൻ നിർത്തി വൈവിധ്യവത്ക്കരണ പദ്ധതികളും ഇതിനോടൊപ്പം ആവിഷ്കരിച്ചുവരുന്നു. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനുകൾ അതാത് മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധർ അടങ്ങിയ ഒരു കമ്മിറ്റി പരിശോധിച്ചതിന് ശേഷം ആയിരിക്കും സർക്കാരിന് സമർപ്പിക്കുക. സർക്കാർ തലത്തിലുള്ള ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷമായിരിക്കും മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ